# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2842** 07-12-2018-ൽ മറുപടിയ്ക്ക്

## കോഴി ഇറച്ചിയുടെയും ഇറച്ചിക്കോഴി ഉല്പന്നങ്ങളുടെയും ഇറക്കുമതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എം.ഉമ്മർ** | | **അഡ്വ.കെ.രാജു (വനം,മൃഗസംരക്ഷണം ക്ഷീരവികസനം,മൃഗശാല വകുപ്പ് മന്ത്രി)** |
| എ) | വിദേശ രാജ്യങ്ങളിൽ നിന്നും കോഴിയിറച്ചിയും ഇറച്ചിക്കോഴി ഉല്പന്നങ്ങളും ഇറക്കുമതി ചെയ്യാൻ അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | എ) | ഉണ്ട്.<br>കോഴി ഇറച്ചിയും, ഇറച്ചിക്കോഴി ഉല്പന്നങ്ങളും ലൈവ്സ്റ്റോക്ക് പ്രോഡക്റ്റ് വിഭാഗത്തിൽ പെട്ടതായതിനാൽ ആയതിന്റെ ഇറക്കുമതി-ക്കുള്ള അനുമതി കേന്ദ്ര സർക്കാർ ലൈവ്സ്റ്റോക്ക് ഇമ്പോർട്ടേഷൻ ആക്ട് 1898-ന്റെയും ഈ ആക്ടിന് കാലാകാലങ്ങളിൽ നടത്തിയ കൂട്ടിച്ചേർക്കലുകളും കൂടാതെ ഈ വിഷയത്തിൽ കേന്ദ്ര മൃഗസംരക്ഷണ ക്ഷീര ഫിഷറീസ് വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള നോട്ടിഫിക്കേഷൻ S.O 2666 (E) അനുസരിച്ചുള്ള നിബന്ധനകൾപാലിച്ചും ആണ് നൽകുന്നത്. |
| ബി) | ആഭ്യന്തര കർഷകരെ സഹായിക്കുന്നതിനായി ഇറക്കുമതി ചെയ്യുന്ന കോഴിയിറച്ചിക്ക് ഉയർന്ന നികുതി ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | ബി) | കോഴി ഇറച്ചി ജി.എസ്.ടി-യിൽ നികുതി വിമുക്തമാണ്. എന്നാൽ, കോഴി ഇറച്ചി വച്ച് ഉണ്ടാക്കുന്ന ഉല്പന്നങ്ങൾക്ക് 12% ജി.എസ്.ടി ബാധകമാണ്. പുതുതായി ഒരു ഉല്പന്നത്തിന് നികുതി ചുമത്തുന്നത് ജി.എസ്.ടി കൗൺസിലാണ്. |

| | | | |
|---|---|---|---|
| | | | |
| സി) | ഇറക്കുമതി ചെയ്യുന്ന ശീതീകരിച്ചതും ജനിതകമാറ്റം വരുത്തിയതുമായ തീറ്റകൾ നൽകി വളർത്തിയ കോഴി ഇറച്ചി ജനങ്ങളുടെ ആരോഗ്യത്തിന് ഹാനികരമാണോ എന്നത് സംബന്ധിച്ച് പരിശോധിക്കുന്ന സാങ്കേതിക വിദഗ്ധർ ഉൾപ്പെടുന്ന കമ്മിറ്റി റിസ്ക് അനാലിസിസ് നടത്തുന്നത് സംബന്ധിച്ച് ഉറപ്പ് വരുത്താൻ സർക്കാർ തലത്തിൽ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ? | (സി) | കോഴിയിറച്ചി ലൈവ്സ്റ്റോക്ക് പ്രോഡക്റ്റ് വിഭാഗത്തിൽ പെടുന്നത് ആയതിനാൽ ഇറക്കുമതി അനുമതി നൽകുന്നത് കേന്ദ്ര മൃഗസംരക്ഷണ ക്ഷീര ഫിഷറീസ് വകുപ്പ് ജോയിന്റ് സെക്രട്ടറി (ട്രേഡ്) ചെയർമാൻ ആയിട്ടുള്ള റിസ്ക് അനാലിസിസ് കമ്മിറ്റിയുടെ പരിശോധനക്കുശേഷമാണ്. ആയത് സർക്കാർ തലത്തിൽ പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് നിലവിൽ മാർഗ്ഗങ്ങളൊന്നും അവലംബിച്ചിട്ടില്ല.. |

സെക്ഷൻ ഓഫീസർ